LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയവ സംഘടിപ്പിക്കുകയും അതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാധ്യത വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യാവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്.

(ബി&സി) ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനും വിപണി മെച്ചപ്പെടുത്തുന്നതിനും വ്യവസായ സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദ്ദേശീയ തലത്തിൽ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി ബിസിനസ് ടു ബിസിനസ് മീറ്റ്, കേരളത്തിന്റെ തനതായ കാർഷിക ഉൽപ്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി കർഷകരുടെയും വ്യവസായ സംരംഭകരുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി അഗ്രോ ഫുഡ് പ്രോ, കേരളത്തിലെ വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്താനായി എല്ലാ ജില്ലകളിലും വ്യവസായ എക്സിബിഷനുകൾ, ഓരോ പ്രദേശത്തെയും തനത് സാംസ്കാരിക മേളകളുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രദർശന വിൽപ്പന മേളകളിൽ എം.എസ്.എം.ഇ.-കളുടെ പങ്കാളിത്തം, എം.എസ്.എം.ഇ.-ഡി.ഐ.-യുമായി സഹകരിച്ചുകൊണ്ട് നാഷണൽ ലെവൽ വെണ്ടർ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## വ്യവസായ ക്ലസ്റ്ററുകൾ

111 (1875) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ ഉദ്ദേശ്യവും ലക്ഷ്യവും എന്തെന്ന് അറിയിക്കുമോ;

(സി) ഇതിലൂടെ സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് എന്തെല്ലാം പ്രയോജനങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ഇത്തരം ക്ലസ്റ്ററുകൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഒരു പൊതുവായ ബ്രാൻഡിൽ വിപണനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ഉണ്ട്. ഒരേതരം പ്രവർത്തനങ്ങൾ ഒരു ഭൂപ്രദേശത്ത് നടത്തുന്ന വ്യവസായ സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് അവർക്കാവശ്യമായ പൊതുസേവന കേന്ദ്രങ്ങൾ, പൊതു സൗകര്യങ്ങൾ തുടങ്ങിയവ സ്ഥാപിക്കുക എന്നതാണ് ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതിപ്രകാരം പ്രധാനമായും ഉദ്ദേശിക്കുന്നത്. അസംസ്കൃത വസ്തുക്കളുടെ ബാങ്ക്, കനത്ത മുതൽമുടക്ക് വേണ്ടി വരുന്നതും പൊതുവായി ഉപയോഗിക്കാൻ കഴിയുന്നതുമായ യന്ത്രസാമഗ്രികൾ സ്ഥാപിക്കുക, ഉല്പന്നത്തിന്റെ വ്യാപാരം സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതി മുഖേന സാക്ഷാത്കരിക്കുന്നത്.

ക്ലസ്റ്ററിന്റെ പ്രവർത്തനഫലമായി ഉൽപ്പാദന പ്രവർത്തനം കൂടുതൽ ആധുനികവൽക്കരിക്കുകയും പൊതുസേവന കേന്ദ്രങ്ങളുടെ ലഭ്യത കൂടുതൽ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുകയും ചെയ്യുന്നു. അന്തിമ ഫലമായി സംസ്ഥാനത്തെ വ്യവസായ വളർച്ചയെ ഗുണകരമായി സ്വാധീനിക്കുന്നതിന് ക്ലസ്റ്ററിന്റെ പ്രവർത്തനം സഹായിക്കുന്നു.

(ഡി) ഉൽപ്പന്നങ്ങളുടെ ഗുണനിലവാര പരിശോധന ക്ലസ്റ്റർ പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഒന്നാണ്. പൊതുവായ ബ്രാൻഡിൽ വിപണനം നടത്തുന്നതിന് അംഗ യൂണിറ്റുകൾ താല്പര്യം പ്രകടിപ്പിക്കുന്നുവെങ്കിൽ അതും ഒരു ക്ലസ്റ്ററിന് നിർവ്വഹിക്കാവുന്നതാണ്.

## ബിസിനസ്സ് ഇൻകുബേഷൻ കേന്ദ്രങ്ങൾ

112 (1876) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരംഭകത്വ ആശയവുമായി മുന്നോട്ട് വരുന്ന പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ബിസിനസ്സ് ഇൻകുബേഷൻ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുതിയ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക, അടിസ്ഥാന സൗകര്യങ്ങൾ, വൈദഗ്ദ്ധ്യ വികസനം എന്നിവയ്ക്കായി എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സെന്ററുകളിൽ ലഭ്യമാകുന്നത്;